(ബി) ഈ ഗവേണിങ്ങ് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടത് എത്ര വർഷം കൂടുമ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(സി) ഗവേണിങ്ങ് കൗൺസിൽ യോഗം ചേരുന്നതിന് കാലതാമസം ഉണ്ടായത് എന്ത് കാരണത്താലാണെന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 18-11-2014-ൽ

(ബി) നാല് വർഷം കൂടുമ്പോഴാണ് ഗവേണിംഗ് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടത്.

(സി) ഗവേണിംഗ് കൗൺസിൽ രൂപീകരണം വൈകിയതിനാലാണ് ഗവേണിംഗ് കൗൺസിൽ യോഗം ചേരുന്നതിന് കാലതാമസം ഉണ്ടായത്.

ഹയർസെക്കന്ററി സ്കൂളുകൾ

9(2915) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം പുതിയ എത്ര ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; ഇതിന് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) അനുവദിച്ച സ്കൂളുകൾ എയ്ഡഡ്, സർക്കാർ തലം തിരിച്ചുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം എത്ര ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് ; സർക്കാർ, എയ്ഡഡ് മേഖലയിൽ ബാച്ചുകൾ അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ബാച്ചുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഇ) അൺ എയ്ഡഡ് സ്കൂളുകൾ ഹയർസെക്കന്ററി മേഖലയിൽ പുതുതായി അനുവദിച്ചിട്ടുണ്ടോ ; പുതിയ ബാച്ചുകൾ നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 218. ഇതിന് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന 11-6-2013-ലെ സ.ഉ. (കൈ.) നമ്പർ 185/13/പൊ.വി. അനുബന്ധം (I) ആയി ചേർക്കുന്നു.*

(ബി) അനുബന്ധം (II) ആയി ചേർക്കുന്നു.*

(സി) ഈ അദ്ധ്യയന വർഷം സർക്കാർ, എയ്ഡഡ് മേഖലയിലായി 161 അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം (III) ആയി ചേർക്കുന്നു.*

(ഡി) ഉത്തരം (എ)-ൽ പറഞ്ഞിരിക്കുന്ന അതേ മാനദണ്ഡങ്ങൾ

(ഇ) ഉണ്ട്. വിശദവിവരം അനുബന്ധം (IV) ആയി ചേർക്കുന്നു.*

ഹയർസെക്കന്ററി സ്കൂളുകൾ

10(2916) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഹയർസെക്കന്ററി സ്കൂളുകൾ എത്ര ; പ്ലസ്ടു ബാച്ചുകൾ എത്ര ; വിഷയം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) മൊത്തം ബാച്ചുകളിൽ എത്ര അദ്ധ്യാപകരുണ്ട് ; എത്ര വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യം ഉണ്ട് ;

(സി) ഹൈസ്കൂൾ തലംവരെ നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനമാക്കി 2015-16 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കുള്ള സീറ്റുകൾ പ്ലസ്ടു മേഖലയിൽ സജ്ജമാക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഹൈസ്കൂൾ തലത്തിൽ ഓരോ വർഷവും പിന്നിടുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ടോ ;

(ഇ) ഇന്നത്തെ നിലയിൽ അഞ്ച് വർഷം പിന്നിടുമ്പോൾ പ്ലസ്ടു തലത്തിൽ ബാച്ചുകളും അദ്ധ്യാപകരും ആവശ്യത്തിലും ഏറെയായിരിക്കുമെന്ന കരുതുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മൊത്തം ഹയർ സെക്കന്ററി സ്കൂൾ - 2046

ബാച്ചുകൾ - 7220

(സയൻസ് - 3777,

ഹ്യൂമാനിറ്റീസ് - 1376, കൊമേഴ്സ് - 2067)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly